**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 884** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് ഡയറക്ടറേറ്റിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ധനകാര്യ പരിശോധനാ വിഭാഗം ഫോറസ്റ്റ് ഡയറക്ടറേറ്റിൽ അവസാനമായി നടത്തിയ ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ റിപ്പോർട്ടിൽ ഗുരുതരമായ എന്തെങ്കിലും കണ്ടെത്തലുകൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എ) | ധനകാര്യ പരിശോധനാ (എൻ.റ്റി-ഇ) വിഭാഗം 14/02/2020, 13/02/2021 തീയതികളിൽ ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ ഇലക്ട്രോണിക് പേ സ്ലിപ് സ്പാർക്ക് സോഫ്റ്റ് വെയറിൽ ലഭ്യമാകാതെ വനം വകുപ്പിലെ ചില ഗസറ്റഡ് ഉദ്യോഗസ്ഥർ ശമ്പളം ക്രമവിരുദ്ധമായി മാറിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് താക്കീതു നല്കി ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്നും ഉറപ്പു വരുത്തുന്നതിനും റിപ്പോർട്ടിലൂടെ നിർദേശിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

**ഇലക്ട്രോണിക് പേ-സ്ലിപ് അപ്ഡേഷൻ സ്പാർക്കിൽ ലഭ്യമാകാതെ വനം വകുപ്പിലെ ഇടുക്കി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായ ശ്രീ. ഷാൻടി ടോമിന്റെ ശമ്പളം മാറിയതുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന (നോൺ ടെക്നിക്കൽ-ഇ) വിഭാഗം ഫോറസ്റ്റ് ഹെഡ്-ക്വാർട്ടേഴ്സിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്.**

## I. ആമുഖം

വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നുള്ള 01/07/2019 തീയതിയിലെ FSI.1-687/2018 നമ്പർ കത്ത് പ്രകാരം ഇടുക്കി ഫ്ളയിങ്ങ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. ഷാൻടി ടോമിന്റെ 07/2014 മുതൽ 01/2016 വരെയുള്ള കാലയളവിലെ എ.ജി.യുടെ പുതുക്കിയ പേ-സ്ലിപ്പ് അപ്ഡേഷൻ ചെയ്യുന്നതിനു അപേക്ഷിച്ചിരുന്നു. എന്നാൽ സ്പാർക്ക് ഡേറ്റാ ബേസിൽ സ്പാർക്ക് പി.എം.യു വകുപ്പ് നടത്തിയ പ്രാഥമിക പരിശോധനയിൽ പ്രസ്തുത ഗസറ്റഡ് ഉദ്യോഗസ്ഥൻ 2018 മേയ് മാസം വരെയുള്ള ശമ്പളം എ.ജി.യുടെ പേ സ്ലിപ്പ് ഇല്ലാതെതന്നെ നോൺ ഗസറ്റഡ് ജീവനക്കാരുടേതു പോലെ മാറിയെന്നു കണ്ടെത്തി. പ്രസ്തുത സാഹചര്യത്തിൽ സമാനമായ രീതിയിൽ വനം വകുപ്പിൽ മറ്റ് ഉദ്യോഗസ്ഥർ ശമ്പളം മാറുന്നുണ്ടോ എന്നു അന്വേഷിക്കുന്നതിനു 02/08/2019 തീയതിയിലെ എസ്.പി.കെ-എ 2/121/2019-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഹെഡ്-ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരത്ത് 14/02/2020, 13/02/2021 എന്നീ തീയതികളിൽ ധനകാര്യ പരിശോധനാ (നോൺ ടെക്നിക്കൽ-ഇ) വിഭാഗം പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ വസ്തുതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## II. വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിലെ പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ

സ്പാർക്ക് ഡേറ്റാ ബേസ് പരിശോധിച്ചതിൽ നിന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. ഷാൻടി ടോം 07/2014 മുതൽ 01/2016 വരെയുള്ള കാലയളവിലെ ശമ്പളം എ.ജി.യുടെ ഇലക്ട്രോണിക് പേ-സ്ലിപ്പ് അപ്ഡേഷൻ കൂടാതെ തന്നെ നോൺ ഗസറ്റഡ് ജീവനക്കാരുടേതു പോലെ മാറിയെന്നു ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് ബന്ധപ്പെട്ട ഓഫീസിലെ ഡി.ഡി.ഒ യുടെ ഭാഗത്ത് നിന്നുള്ള ഗൗരവതരമായ വീഴ്ചയായി കണക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ഫയൽ രേഖകൾ പരിശോധിച്ചതിൽ ഈ വിഷയം സംബന്ധിച്ച് ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ),കോട്ടയത്തിൽ നിന്നും ഒരു റിപ്പോർട്ടും ശ്രീ. ഷാൻടി ടോമിൽ നിന്നു വിശദീകരണവും ലഭ്യമാക്കി അവയുടെ അടിസ്ഥാനത്തിൽ വനം വകുപ്പ് അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 19/08/2020 തീയതിയിലെ KFDHQ/5191/2019-ADMIN/H1 കത്ത് പ്രകാരം വിശദാംശങ്ങൾ സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. ഈ കത്തിലൂടെ അഡീഷണൽ ചീഫ് കൺസർവേറ്റർ സർക്കാരിനെ അറിയിച്ചിട്ടുള്ള പ്രധാന വസ്തുതകൾ ചുവടെ പറയുന്നവയാണ്.

എ) മേൽക്കാലയളവിലേക്ക് അക്കൗണ്ട് ജനറലിൽ നിന്നും മാനുവൽ പേ-സ്ലിപ് ലഭിച്ചിരുന്നെങ്കിലും ഇലക്ട്രോണിക് പേ-സ്ലിപ് അപ്ഡേഷൻ സ്പാർക്കിൽ ലഭ്യമാകാത്തതു കൊണ്ട് ഒരു താല്ക്കാലിക ക്രമീകരണം എന്ന നിലക്കാണ് ടിയാൻ നോൺ ഗസറ്റഡ് ജീവനക്കാരുടേതു പോലെ ശമ്പളം മാറിയത്.

ബി) ശ്രീ. ഷാൻടി ടോമിന്റെ ഭാഗത്തുനിന്നുണ്ടായ പ്രസ്തുത വീഴ്ച മാപ്പാക്കി റിവൈസ്ഡ് പേ-സ്ലിപ്പ് സ്പാർക്കിൽ

## File No.IW-E2/22/2019-FIN

അപ്ഡേറ്റ് ചെയ്ത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) കോട്ടയം ശിപാർശ ചെയ്തിട്ടുണ്ട്.

സി) സ്പാർക്കിൽ ഇലക്ട്രോണിക് അപ്ഡേഷൻ വരുന്നതു വരെ താൽക്കാലികമായി ഇപ്രകാരം ശമ്പളം പിൻവലിച്ച ടിയാന്റെ പ്രവർത്തി നിലവിലെ സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമാണെങ്കിലും ടിയാനു അർഹമായ ശമ്പളത്തുക മാത്രമേ ടിയാൻ കൈപ്പറ്റിയിട്ടുള്ളൂ എന്നതിനാൽ സർക്കാരിനു നഷ്ടം ഒന്നും തന്നെ ഉണ്ടായിട്ടില്ല.

ഡി) മേൽ സാഹചര്യത്തിൽ ഇത്തരത്തിലുള്ള ചട്ട വിരുദ്ധമായ പ്രവർത്തികൾ ഉണ്ടാകരുതെന്ന ശക്തമായ താക്കീത് നല്കിക്കൊണ്ട് പ്രസ്തുത വീഴ്ച മാപ്പാക്കുന്നതിനു റിവൈസ്ഡ് പേ-സ്ളിപ്പ് അപ്ഡേറ്റ് ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അപേക്ഷിച്ചിട്ടുണ്ട്.

ഇ) മേൽപ്പറഞ്ഞതിനു പുറമെ വനം വകുപ്പിലെ മറ്റ് ഓഫീസർമാർ ആരും തന്നെ അക്കൗണ്ട് ജനറലിന്റെ പേ-സ്ളിപ്പ അപ്ഡേഷൻ ഇല്ലാതെ ശമ്പളം മാറിയിട്ടില്ല എന്ന വിവരം കൂടി അറിയിച്ചിട്ടുണ്ട്.

19/08/2020 തീയതിയിലെ KFDHQ/5191/2019-ADMIN/H1 കത്ത് പ്രകാരം മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കും പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നെങ്കിലും ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ ഫിനാൻസ് ഓഫീസറുടെ കീഴിലുള്ള ഇന്റേർണൽ ആഡിറ്റ് വിഭാഗം വനം വകുപ്പിനു കീഴിലുള്ള ഓരോ ഒഫിസിലും പരിശോധന നടത്തിയതിൽ മറ്റ് 9 ഉദ്യോഗസ്ഥർ കൂടി സമാനമായ രീതിയിൽ ശമ്പളം മാറിയിട്ടുള്ളതായി 15/12/2020 തീയതിയിലെ A8-114392/2019 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. അപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | കാലയളവ് |
|---|---|---|---|
| 1 | ശ്രീ. എ.കെ.ഗോപാലൻ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ടയേർഡ്) | 1. 2012 ആഗസ്റ്റ് മുതൽ 2015 മാർച്ച് വരെ . (സുൽത്താൻ ബത്തേരി റേഞ്ച് ഓഫീസർ )<br>2. 2015 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ. (തോൽപ്പെട്ടി റേഞ്ച് ഓഫീസർ ) |
| 2 | ശ്രീ. അജിത്ത്.കെ.രാമൻ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 2012 ജനുവരി 19 മുതൽ 2017 ജനുവരി 19 വരെ . (കുറിച്ചിയാട് റേഞ്ച് ഓഫീസർ ) |
| 3 | ശ്രീ. എ.പി.മനോജ് | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക ഗസറ്റഡ് തസ്തികയായി ഉയർത്തിയതു മുതൽ 18.10.2014 തീയതിയിൽ ടിയാൻ മരണമടയുന്നതു വരെ. |

File No.IW-E2/22/2019-FIN

| | | | |
|---|---|---|---|
| 4 | ശ്രീ. അബ്ദുൾ ജലീൽ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 2019 ജനുവരി മുതൽ 2019 ജൂലൈ വരെ. (സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസർ എന്ന നിലയിൽ ഉപജീവന ബത്തയായി ) |
| 5 | ശ്രീ. ജി.സോമൻ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ടയേർഡ് ) | 2012 ഡിസംബർ മുതൽ 2014 സെപ്റ്റംബർ വരെ. (നിലമ്പൂർ ഫ്ളയിങ്ങ് സ്ക്വാഡ് റേഞ്ച് ഓഫീസർ ) |
| 6 | ശ്രീ. റോയ്.കെ.ടി. | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 2018 ഏപ്രിൽ 1 മുതൽ 2018 ഡിസംബർ 31 വരെയും 2019 ഫെബ്രുവരി 1 മുതൽ 2019 മുതൽ മാർച്ച് 31 വരെയും (ആനക്കുളം റേഞ്ച് ഓഫീസർ ) |
| 7 | ശ്രീമതി.സുമി ജോസഫ് | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 2012 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ . (ഫോറസ്റ്റ് റിസോഴ്സ് സർവേ സെൽ, തൃശ്ശൂർ റേഞ്ച് ഓഫീസർ ) |
| 8 | ശ്രീ. എം. എ. അനസ് | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 2012 ആഗസ്റ്റ് മുതൽ 2013 ജനുവരി വരെ . (ഫോറസ്റ്റ് റിസോഴ്സ് സർവേ സെൽ, തൃശ്ശൂർ റേഞ്ച് ഓഫീസർ) |
| 9 | ശ്രീമതി. എ.ആശാലത | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 2014 ആഗസ്റ്റ് മുതൽ 2015 ഫെബ്രുവരി വരെ . (ഫോറസ്റ്റ് റിസോഴ്സ് സർവേ സെൽ, തൃശ്ശൂർ റേഞ്ച് ഓഫീസർ ) |

ശ്രീ. ഷാൻടി ടോമും മറ്റ് 9 ഉദ്യോഗസ്ഥരും അല്ലാതെ കൂടുതൽ പേർ സമാനമായ രീതിയിൽ ശമ്പളം മാറിയെടുത്തിരിക്കുവാൻ സാധ്യതയുള്ള സ്ഥിതിക്ക് അക്കാര്യം സംബന്ധിച്ച് പരിശോധന വനം വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഓഫീസുകളിൽ സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ആഭ്യന്തര ഓഡിറ്റിന്റെ ഭാഗമായി നടന്നു വരുന്നതായും അന്വേഷണത്തിൽ ബോധ്യപ്പെട്ടു.

**III .വനം വകുപ്പിൽ നിന്നും വ്യത്യസ്ത മറുപടികൾ ലഭ്യമാക്കിയത് സംബന്ധിച്ച്**

അക്കൗണ്ട് ജനറലിന്റെ പേ-സ്ളിപ്പ് ഇല്ലാതെ വനം വകുപ്പിലെ ഗസറ്റഡ് ഉദ്യോഗസ്ഥർ ശമ്പളം മാറിയ വിഷയത്തിൽ വനം വകുപ്പ് അഡീഷണൽ ചീഫ് കൺസർവേറ്ററിന്റേയും വനം വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസറിന്റേയും മറുപടികൾ വ്യത്യസ്തമായതിനാൽ ആയത് സംബന്ധിച്ച വിശദീകരണം വനം വകുപ്പ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ആവശ്യപ്പെടുകയുണ്ടായി. ആയതിനു 03/04/2021 തീയതിയിലെ KFDHQ/5191/2019-ADMIN/H1 പ്രകാരം ചുവടെ ചേർക്കും വിധമുള്ള വിശദീകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്.

**File No.IW-E2/22/2019-FIN**

"വനം വകുപ്പിൽ സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പേഴ്സണൽ അസിസ്റ്റന്റ് , റേഞ്ച് ഫോറസ്റ്റ് ഓഫീസർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് , ഡെപ്യൂട്ടി ഡയറക്ടർ, കൂടാതെ ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ എന്നിവരാണ് ഗസറ്റഡ് തസ്തികയിലുള്ളത്. ഇതിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക ഗസറ്റഡ് തസ്തികയാക്കിയത് സർക്കാരിന്റെ 27/10/2009 തീയതിയിലെ G.O(Ms.)48/2009/F&WLD നമ്പർ ഉത്തരവിലൂടെയുള്ള സ്പെഷ്യൽ റൂൾ ഭേദഗതിയിലൂടെയാണ്. റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലൊഴികെ മറ്റ് തസ്തികകളിലൊന്നും തന്നെ ഇപ്രകാരം ഉദ്യോഗസ്ഥർ ശമ്പളം മാറിയിട്ടില്ല. സീനിയർ ഫിനാൻസ് ഓഫീസറുടെ കീഴിലുള്ള ആഭ്യന്തര ആഡിറ്റ് സംവിധാനം ഓരോ ഓഫീസിലും നടത്തിയ പരിശോധനയിലാണ് കൂടുതൽ റേഞ്ച് ഓഫീസർമാർ അക്കൗണ്ട് ജനറലിന്റെ പേ-സ്ലിപ്പ് ഇല്ലാതെ ശമ്പളം മാറിയെടുത്തതായി കണ്ടെത്തിയിട്ടുള്ളത്. കൂടാതെ ഇത്തരത്തിൽ ആരുംതന്നെ അധിക ശമ്പളം കൈപ്പറ്റിയിട്ടില്ലായെന്നും സർക്കാരിന് നഷ്ടം ഒന്നുംതന്നെ സംഭവിച്ചിട്ടില്ലെന്നും ഒരിക്കൽക്കൂടി അക്കൗണ്ട് ജനറലിന്റെ പേ-സ്ലിപ്പ് ഇല്ലാതെ ശമ്പളം ക്രമപ്രകാരമല്ലാതെ മാറിയെടുക്കരുതെന്നു എല്ലാ ഡി.ഡി.ഒ.മാർക്കും നിർദേശം നല്കിയിട്ടുണ്ട്."

മേൽ സൂചിപ്പിച്ച വസ്തുതകൾക്ക് പുറമേ മനപ്പൂർവമല്ലാത്ത സാഹചര്യത്തിലാണ് വനം വകുപ്പിൽ നിന്നും വ്യത്യസ്തമായ റിപ്പോർട്ടുകൾ സർക്കാരിലേക്ക് അയക്കാനിടയായതെന്നും മേലിൽ വസ്തുനിഷ്ഠമായി മാത്രമേ വിവരങ്ങൾ സർക്കാരിന് നല്കുവെന്നും ടി മറുപടി അംഗീകരിച്ച് തുടർ നടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

IV. <u>ഗസറ്റഡ് ഓഫീസ് ജീവനക്കാരുടെ ശമ്പളം മാറുന്നത് സംബന്ധിച്ചുള്ള നിലവിലെ വ്യവസ്ഥ.</u>

കേരളാ ട്രഷറി കോഡ് ഭാഗം 2 ചട്ടം 164 (a) ക്ക് ചുവടെ ചേർത്തിട്ടുള്ള കുറിപ്പ് പ്രകാരം അക്കൗണ്ട് ജനറലിന്റെ സ്ലിപ്പ് ഇല്ലാതെ 3 മാസക്കാലയളവിലേക്കോ അല്ലെങ്കിൽ പ്രസ്തുത സ്ലിപ്പ് ലഭ്യമാകുന്നതു വരെയോ ഏതാണോ ആദ്യം അതു വരെ എൽ.പി.സി ആധാരമാക്കി ശമ്പളവും അലവൻസുകളും മാറുന്നതിനു ഗസറ്റഡ് ഓഫീസർമാരെ അനുവദിക്കുന്നുണ്ട്. കൂടാതെ 13.01.2016 തീയതിയിലെ സ.ഉ.(അച്ചടി) നം.3/2016/ധന നമ്പർ ഉത്തരവ് പ്രകാരം ഒരു തവണയായി എടുത്തിട്ടുള്ള 21 ദിവസത്തിൽ താഴെയുള്ള അവധിക്കാലയളവിലും അക്കൗണ്ട് ജനറലിന്റെ സ്ലിപ്പ് ഇല്ലാതെ ശമ്പളവും അലവൻസും കൈപ്പറ്റുന്നതിനു ഗസറ്റഡ് ഓഫീസർമാർക്ക് അനുവാദമുണ്ട്.കോവിഡ് -19 സാഹചര്യം കണക്കിലെടുത്ത് 31.03.2021 വരെ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ലീവ് സാലറി ഉൾപ്പടെയുള്ള ശമ്പളവും അലവൻസുകളും അക്കൗണ്ട്സ് ജനറലിന്റെ പേ-സ്ലിപ്പ് ഇല്ലാതെ തന്നെ താല്കാലിക ക്രമീകരണമെന്ന നിലയിൽ മാറിയെടുക്കുന്നതിനുള്ള അനുവാദം 04/08/2020 തീയതിയിലെ G.O.(P) No.101/2020/Fin നമ്പർ ഉത്തരവ് പ്രകാരം നല്കിയിട്ടുണ്ട്.നിലവിലെ സ്പാർക്ക് സോഫ്റ്റ്-വെയറിലെ നിലവിലെ ക്രമീകരണം അനുസരിച്ച് എ.ജി. പേ-സ്ലിപ്പ് ഇല്ലാതെ ഗസറ്റഡ് ഓപ്ഷൻ ഉപയോഗിച്ച് L.P.C. രേഖപ്പെടുത്തി മൂന്നു മാസത്തിൽക്കൂടുതൽ ശമ്പളം പ്രോസസ് ചെയ്യുവാൻ സാധിക്കുകയില്ല.

<u>V. നിർദ്ദേശങ്ങൾ</u>

1) അക്കൗണ്ട് ജനറലിന്റെ പേ-സ്ലിപ്പ് ഇല്ലാതെ ഗസറ്റഡ് ഉദ്യോഗസ്ഥർ ശമ്പളം മാറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ വനം വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളും പരിശോധന നടത്തി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നുവെന്നും ഇതു സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിർദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്നും ഭരണവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

2) അക്കൗണ്ട് ജനറലിന്റെ പേ-സ്ളിപ്പ് ഇല്ലാതെ ഗസറ്റഡ് ഉദ്യോഗസ്ഥർ ശമ്പളം മാറിയ നടപടിയിൽ സർക്കാരിനു സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും നിലവിൽ മൂന്നു മാസക്കാലയളവിൽ കൂടുതൽ ഗസറ്റഡ് ഉദ്യോഗസ്ഥർ എൽ.പി.സി അടിസ്ഥാനമാക്കി ശമ്പളം മാറുന്നതു തടയുവാൻ സ്പാർക്ക് സോഫ്റ്റ് വെയറിൽ സംവിധാനമുള്ളതിനാലും വനം വകുപ്പ് അഡീഷണൽ ചീഫ് കൺസർവേറ്ററിന്റെ വിശദീകരണം കൂടി കണക്കിലെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് താക്കീതു നല്കി ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്നില്ലെന്നു ഭരണവകുപ്പ് ഉറപ്പു വരുത്തേണ്ടതാണ്.

**അനിൽകുമാർ.എസ്**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**